# ഭദ്രദീപ

**ഭദ്രാവതി രൂപതാബുള്ളറ്റിൻ**

**Vol. 13, No. 1** **March, 2019**

Edited & Published by Fr. Sajeesh Mathew Thrikkodanmalil
Bodhana Pastoral Centre
P.B.No.26, Bhadravathi - 577301, Karnataka, India
Email: diocese@bhadravathidiocese.org
Website: www.bhadravathidiocese.org

Cover Design : Ajai Elavuthinkal

Printed at : Matha Printers, Bangalore
9886809060

*for private circulation only*

## ഉള്ളടക്കം


സർക്കുലർ....................................................................................4

മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ.......................................... 10

മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ.......................................... 13

രൂപതാകച്ചേരി വാർത്തകൾ....................................................... 23

മതബോധന – ബൈബിൾ കമ്മീഷൻ ........................................... 27

വൊക്കേഷൻ ബ്യൂറോ ................................................................ 30

യുവജന പ്രേഷിതത്വം.................................................................. 32

സീറോ മലബാർ മാതൃവേദി ......................................................... 33

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ................................ 35

Bishop's Diary....................................................................................38

Bishop's Programme..........................................................................41

Kannada Section.................................................................................43

# സർക്കുലർ

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മരേ,

വലിയനോമ്പിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ നാം. മാനസാന്തരത്തിനും, ജീവിതനവീകരണത്തിനും തിരുസ്സഭയൊരുക്കുന്ന ഏറ്റവും നല്ല അവസരമാണ് നോമ്പുകാലം. മാമോദീസായിൽ ആരംഭിക്കുന്ന നമ്മുടെ ക്രൈസ്തവജീവിതം ഈശോമിശിഹായോടൊത്തുള്ള ഒരു യാത്രയായി മനസ്സിലാക്കാം. ഈ ജീവിതയാത്രയിൽ കർത്താവിനോടു ചേർന്ന് നടക്കുവാനും, അവിടുത്തെ വചനങ്ങളനുസരിച്ച്, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, ദൈവഹിതംനിറവേറ്റി ജീവിക്കുവാനും നമുക്കു കഴിയണം. ഈശോമിശിഹായിലുള്ള ഈ യാത്ര, അവിടുത്തെ മരണത്തിലും, ഉത്ഥാനത്തിലും പങ്കുചേർന്ന് ദൈവസന്നിധിയിൽ എത്തിച്ചേരേണ്ടതാണ്. പക്ഷെ, പലപ്പോഴും നമ്മുടെ സ്വാർഥതയും, ലൗകീക മോഹങ്ങളുമൊക്കെ ദൈവ വഴികളിൽനിന്ന് നമ്മെ അകറ്റുകയും, സ്വന്തം വഴികൾ തേടാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ദൈവിക വഴികളിൽനിന്ന് നാം അകന്നുപോയ സാഹചര്യങ്ങളെ മനസ്സിലാക്കുവാനും, അവയെ തിരുത്തി, കർത്താവിന്റെ വഴികളിലേയ്ക്ക് തിരികെവന്ന്, ഈശോമിശിഹായോടൊത്ത് ജീവിത ലക്ഷ്യത്തിലേയ്ക്ക് മുന്നേറാനും നമുക്ക് അവസരമൊരുക്കുകയാണു നോമ്പുകാലം.

മാനസാന്തരത്തിനും, ജീവിത നവീകരണത്തിനുമുള്ള ആഹ്വാനമാണ് നോമ്പിന്റെ കാതൽ. ഇവിടെ, ബാഹ്യമായ ആചരാനുഷ്ടാനങ്ങളേക്കാളുപരി, ഹൃദയപരമാർഥതയാണ് ദൈവം നോക്കുന്നത് എന്ന് ജോയേൽ പ്രവാചകന്റെ വാക്കുകൾ നമ്മെ ഓർമിപ്പിക്കുന്നു. പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്യുന്നു: ''ഉപവാസത്തോടും, വിലാപത്തോടും, നെടുവീർപ്പോടും കൂടെ നിങ്ങൾ പൂർണഹൃദയത്തോടെ എന്റെ അടുക്കലേയ്ക്ക് തിരിച്ചു വരുവിൻ. നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്...'' (ജോയേൽ 2:12–13). മാനസാന്തരമില്ലാത്ത, ഹൃദയപരിവർത്തനമില്ലാത്ത, ബാഹ്യമായ ആചാരാനുഷ്ടാനങ്ങൾ ദൈവസന്നിധിയിൽ സ്വീകാര്യമല്ലെന്ന് ഇവിടെ സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ നോമ്പും അതിനോടുചേർന്നുള്ള എല്ലാ ആചാരനു

ഷ്ടാനങ്ങളും ഹൃദയങ്ങളുടെ നവീകരണത്തിലേയ്ക്ക് നയിക്കണം: നമ്മുടെ ജീവിതങ്ങളെ ദൈവസന്നിധിയിൽ തുറന്നു വെയ്ക്കണം, കഠിന ഹൃദയങ്ങൾ മാറ്റത്തിനു വിധേയമാകണം; തിന്മയുടെ വഴികളെ വിട്ടുപേക്ഷിക്കണം; ദൈവത്തെ വീണ്ടും ജീവിതത്തിന്റെ കേന്ദ്രമായി പ്രതിഷ്ടിക്കുവാൻ കഴിയണം.

നമ്മുടെ ആരാധനാക്രമം നമ്മെ പഠിപ്പിക്കുന്നതുപോലെ, യഥാർത്ഥമായ പ്രാർത്ഥനാ ചൈതന്യവും, ആത്മപരിത്യാഗവും, സഹോദരസ്നേഹവും പുലർത്തിക്കൊണ്ടുവേണം നാം ഈ നോമ്പുകാലം ഫലദായകമാക്കുവാൻ. നമ്മുടെ പാപങ്ങളേക്കുറിച്ച് പശ്ചാത്തപിക്കുവാനും, പ്രാർത്ഥനയിലൂടെ ദൈവത്തോടുള്ള ബന്ധത്തിൽ വളരുവാനും, പരസ്നേഹ പ്രവർത്തികളിലൂടെ സഹോദരസ്നേഹത്തിൽ വളരുവാനും നമുക്ക് കഴിയണം.

ശസ്ത്രീയമായും, മറ്റെല്ലാ രീതികളിലും ഏറെ നേട്ടങ്ങൾ കൈവരിച്ച ഒരു ലോകത്തിലാണ് നാമിന്നു ജീവിക്കുക. മനുഷ്യൻ കൈവരിച്ച അറിവും, നേട്ടങ്ങളുമെല്ലാം അവന്റെ ജീവിതം കൂടുതൽ സുന്ദരവും, സാമാധാനപൂർണവും, സ്വച്ഛവും ആക്കേണ്ടതാണ്. പക്ഷേ, അന്ധകാരത്തിന്റെ ശക്തികൾ ഈ നേട്ടങ്ങളെ തിന്മക്കും, നശീകരണത്തിനുമായി ഉപയോഗിക്കുന്നതിനാൽ, അശാന്തിയും, അനിശ്ചിതത്വവും, ഭയവും, അരക്ഷിതത്വവും നിറഞ്ഞ ഒരു ലോകത്താണ് നാം ജീവിക്കേണ്ടി വരുന്നത്. മനുഷ്യന്റെ ശാശ്വതമായ പ്രശ്നങ്ങൾക്കു ആധൂനിക ലോകം വച്ചുനീട്ടുന്ന താത്കാലിക പരിഹാരങ്ങളും, നൈമിഷിക സുഖങ്ങളുമൊക്കെ അനേകരെ, പ്രത്യേകിച്ച് നമ്മുടെ യുവജനതയെ, വഴിതെറ്റിക്കുന്നു. മദ്യവും, മയക്കുമരുന്നും, തെറ്റായ ലൈംഗീക സുഖങ്ങളും, ഇന്റെർനെറ്റും സോഷ്യൽ മീഡിയായുമൊരുക്കുന്ന മാസ്മരിക പ്രപഞ്ചവും, ഉപരിപ്ലവവും താത്കാലികവുമായ ബന്ധങ്ങളുമെല്ലാം അനേകരെ ക്രിസ്തീയ വിശ്വാസത്തിൽനിന്നും, സുവിശേഷ മൂല്യങ്ങളിൽനിന്നും അകറ്റുന്നു. ഉപഭോഗസംസ്കാരത്തിൽ കുടുങ്ങി നമ്മുടെ സുഖത്തിനും, സൗകര്യങ്ങൾക്കുംവേണ്ടി നാം ഈ പ്രകൃതിയേയും, സൃഷ്ടവസ്തുക്കളേയും ദുരുപയോഗിക്കുന്നു. ഭാവി തലമുറകൾക്കുകൂടി ഉപയോഗപ്പെടുത്തേണ്ട മണ്ണും, വായുവും,

വെള്ളവുമെല്ലാം, വിഷലിപ്തവും, മലിനവുമാക്കുന്നു. ഇങ്ങനെ അറിഞ്ഞും, അറിയാതെയുമായി ദൈവത്തിനെതിരേയും, സഹോദരങ്ങൾക്കെതിരേയും, പ്രകൃതിക്കെതിരേയുമൊക്കെ നാം ചെയ്യുന്ന പാപങ്ങളേക്കുറിച്ച് നാം തിരിച്ചറിയേണ്ടതുണ്ട്, ദൈവസന്നിധിയിൽ മാപ്പ് ചോദിക്കേണ്ടതുണ്ട്. തന്റെ പാപങ്ങളുടെ ഗൗരവം മനസ്സിലാക്കിയ സങ്കീർത്തകൻ, ഹൃദയം തകർന്ന്, എന്നാൽ പ്രതീക്ഷ കൈവിടാതെ പ്രാർത്ഥിക്കുന്നു: ''ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ; എന്റെ മനസ്സിനെ ശക്തിപ്പെടുത്തണമേ; അങ്ങയുടെ തിരുസന്നിധിയിൽ നിന്നെന്നെ തള്ളിക്കളയരുതേ, അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നെടുത്തു കളയരുതേ!'' (സങ്കീ. 51:10–11). സങ്കീർത്തകന്റെ മനോഭാവം ഈ നോമ്പുകാലത്തിൽ നമുക്കും പ്രചോദനമാകട്ടെ.

യഥാർത്ഥമായ പ്രാർത്ഥനാ ചൈതന്യത്തിൽ വളരുവാൻ ഈ നോമ്പുകാലം നാം പ്രയോജനപ്പെടുത്തണം. തന്റെ പരസ്യജീവിതത്തിനൊരുക്കമായി, ഈശോമിശിഹ 40 ദിനരാത്രങ്ങൾ മരുഭൂമിയുടെ നിശബ്ദതയിൽ, ഏകാന്തതയിൽ ഉപവസിച്ചു പ്രാർത്ഥിച്ചു. പിതാവിനോട് അവിടുന്നു സംസാരിച്ചു; തന്നേക്കുറിച്ചുള്ള പിതൃഹിതം അന്വേഷിച്ചറിയുകയായിരുന്നു അവിടുന്ന്. ഒപ്പം, താൻ നിർവഹിക്കേണ്ട ദൗത്യത്തേക്കുറിച്ച് വ്യക്തത വരുത്തുവാനും പ്രാർത്ഥന അവിടുത്തെ സഹായിച്ചു. പ്രാന്ത്ഥനയിലൂടെ കരുത്ത് നേടിയ അവിടുന്ന്, പിതൃഹിതത്തിനെതിരായ പ്രലോഭനങ്ങളെ ആത്മാവിന്റെ ശക്തിയാൽ വിജയിച്ചു. പ്രാർത്ഥന നമ്മെ സംബന്ധിച്ചിടത്തോളം ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധത്തിൽ വളരുവാനുള്ള അവസരമാണ്. ആത്മാർത്ഥമായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന! അതൊരിക്കലും മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയാകരുത്. കർത്താവ് പറയുന്നു: ''നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും.'' (മത്തായി: 6:6). യഥാർത്ഥമായ പ്രാർത്ഥന, ദൈവസന്നിധിയിൽ നാം ആയിരിക്കുന്നതുപോലെ നമ്മെ കാണാൻ സഹായിക്കുന്നതും, ഹൃദയപരിവർത്തനത്തിലേയ്ക്ക് നയിക്കുന്നതും, ദൈവത്തോടും സഹോദര

ങ്ങളോടുമുള്ള ബന്ധത്തിൽ വളർത്തുന്നതുമായിരിക്കും. ഈ നോമ്പുകാലത്ത് യഥാർത്ഥമായ പ്രാർത്ഥനാനുഭവത്തിൽ വളരുവാൻ നമുക്ക് ശ്രമിക്കാം; ദൈവവചനം കൂടുതൽ തീക്ഷ്ണതയോടെ വായിക്കുന്നതിനും, ധ്യാനിക്കുന്നതിനും നമുക്ക് സമയം കണ്ടെത്താം. നമ്മുടെ ഇടവകകളിൽ ഒരുക്കുന്ന നോമ്പുകാല ധ്യാനങ്ങളിൽ നമുക്ക് ആത്മാർഥതയോടെ പങ്കുചേരാം; ജീവിതങ്ങളെ ദൈവതിരുമുമ്പിൽ പരിശോധിക്കുകയും, ആവശ്യമായ മാറ്റങ്ങൾ നമ്മുടെ മനോഭാവങ്ങളിലും, പെരുമാറ്റരീതികളിലും വരുത്തുകയും ചയ്യാം.

നോമ്പ് ഉപവാസത്തിന്റേയും, ആത്മപരിത്യാഗത്തിന്റേയും സമയമാണ്. സഭയുടെ ആദിമകാലം മുതലെ നോമ്പുകാലത്തിന്റെ ഭാഗമായിരുന്നു ഉപവാസം. ഇതിന്ന് പ്രചോദനം നൽകുന്നത് നമ്മുടെ കർത്താവിന്റെ ഉപവാസം തന്നെ. ഉപവാസം, ആത്മനിയന്ത്രണത്തിന് എന്നതുപോലെതന്നെ പ്രാർത്ഥനയെയും സഹായിക്കും. ഉപവസിക്കുന്ന ഏതൊരാൾക്കും ശാരീരികമായ വിശപ്പ് അനുഭവപ്പെടും. ഈ വിശപ്പ്, ദൈവത്തിനുവേണ്ടിയുള്ള മനുഷ്യാത്മാവിന്റെ തീവ്രമായ ആഗ്രഹത്തെ ഓർമ്മിപ്പിക്കുന്നു. ''ദൈവമേ നീയെന്നെ നിനക്കായി സൃഷ്ടിച്ചു, നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് സ്വസ്തമാവുകയില്ല'' എന്ന വി. അഗസ്റ്റിന്റെ വാക്കുകൾ ഇതാണ് സൂചിപ്പിക്കുക. അതുപോലെതന്നെ, മറ്റുള്ളവരുടെ കഷ്ടതകൾ മനസ്സിലാക്കുന്നതിനും, അതിനോടു ക്രിയാത്മകമായി പ്രതികരിക്കുന്നതിനും ഉപവാസം നമുക്ക് ഉപകരിക്കും. നാം ജീവിക്കുന്ന ലോകത്തിൽ, നമുക്കു ചുറ്റും, ഒരു നേരത്തെ ആഹാരത്തിനു വഴിയില്ലാതെ ''ഉപവസിക്കുവാൻ'' നിർബന്ധിക്കപ്പെടുന്നവരുടെ വിശപ്പിന്റെ കാഠിന്യം മനസ്സിലാക്കുവാൻ ഉപവാസം നമ്മെ സഹായിക്കണം; ജീവിതത്തിൽ അത്യാവശ്യങ്ങൾപോലും നിർവഹിക്കാൻ കഴിയാതെ അലയുന്നവരുടെ, നിരാശപ്പെടുന്നവരുടെ വേദന മനസ്സിലാക്കുവാൻ ഉപവാസം നമ്മെ സഹായിക്കണം; ആവശ്യത്തിൽ കൂടുതൽ സമ്പാദിക്കുന്നതിനും, സ്വരുക്കൂട്ടുന്നതിനും, മറ്റുള്ളവരുടെ നീതിപൂർവകമായ ആവശ്യങ്ങൾപോലും നിക്ഷേധിക്കുന്നതിനും നമ്മെ പ്രേരിപ്പിക്കുന്ന ആർത്തിയുടെ സംസ്കാരത്തിൽനിന്നും ഉപവാസം നമ്മെ മോചിപ്പിക്കണം; വരും തലമുറകൾക്കുവേണ്ടിക്കൂടി


സംരക്ഷിക്കപ്പെടേണ്ട പ്രകൃതിയെ, അമിതമായി ചൂഷണം ചെയ്യാതിരിക്കുവാൻ, ദുരുപയോഗിക്കാതിരിക്കുവാൻ ഉപവാസം നമ്മെ സഹയിക്കണം.

ചുരുക്കത്തിൽ, നമ്മുടെ പ്രാർത്ഥനയും, ഉപവാസവും, പരിത്യാഗ പ്രവർത്തികളും, ദൈവത്തോടും മനുഷ്യരോടും, ഈ പ്രപഞ്ചത്തോടുമുള്ള ബന്ധത്തിൽ വളരുവാൻ നമ്മെ സഹായിക്കണം. ഉപവാസത്തിലൂടെയും, ത്യാഗത്തിലൂടെയും മിച്ചം വയ്ക്കുവാൻ കഴിയുന്നവ, കഷ്ടത അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുവാനും നമുക്കാകണം. നമ്മുടെ പാപവഴികളെ തിരിച്ചറിഞ്ഞ് തിരുത്തിക്കൊണ്ടും, ഈശോമിശിഹായുടെ പീഢാനുഭവത്തേക്കുറിച്ച് ധ്യാനിച്ചുകൊണ്ടും, ദൈവത്തോടും സഹജീവികളോടുമുള്ള ബന്ധത്തിൽ വളർന്നുകൊണ്ടും, ഉത്ഥിതനോടുചേർന്നുള്ള പുതിയ ജീവിതത്തിന് ഒരുങ്ങുവാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ!

ഈ നോമ്പുകാലത്ത് ഒരു പ്രത്യേക പ്രാർത്ഥനാ നിയോഗം കൂടി നിങ്ങളുടെ മുൻപിൽ വയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു: നമ്മുടെ നാട് ഒരു പൊതുതിരഞ്ഞെടുപ്പിന് ഒരുങ്ങുന്ന സമയമാണിത്. ഈ തിരഞ്ഞെടുപ്പ് പ്ര്യാപിക്കപ്പെടാൻ പോകുന്നതും, വോട്ടിംഗ് വരുന്നതുമെല്ലാം ഈ വലിയനോമ്പുകാലത്തായിരിക്കും എന്നത് ഒരു ദൈവകൃപയായി നമുക്ക് കാണാം. നാടിനുവേണ്ടി നമുക്ക് പ്രത്യേകമായി പ്രാർത്ഥിക്കാം. തിരഞ്ഞെടുപ്പ് ഏറ്റവും സമാധാനപൂർണ്ണമായും, നീതിയുക്തമായും നടത്തപ്പെടുവാൻ നാം പ്രാർത്ഥിക്കണം. നമ്മുടെ നാടിനെ നന്മയിലും, സാഹോദര്യത്തിലും, സ്വാതന്ത്ര്യത്തിലും, സമത്വത്തിലും നയിക്കുവാൻ കഴിയുന്ന നേതാക്കന്മാർ തിരഞ്ഞെടുക്കപ്പെട്ടുവരുവാൻ പരിഹാരം ചെയ്തു നാം പ്രാർത്ഥിക്കണം. വോട്ടിംഗ് ദിനത്തിൽ, വോട്ടവകാശമുള്ള എല്ലാവരും, ഒരു വീഴ്ച്ചയും വരുത്താതെ, തങ്ങളുടെ സമ്മതിദാനാവകാശം ഉപയോഗപ്പെടുത്തണമന്നും നിങ്ങളെ ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

എല്ലാവർക്കും ഏറ്റവും അനുഗ്രഹപ്രദമായ നോമ്പുകാലവും, ഉത്ഥിതന്റെ സന്തോഷം നിറഞ്ഞ പുതുജീവിതവും നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവം,



**മാർ ജോസഫ് അരുമച്ചാടത്ത്**
ഭദ്രാവതി രൂപതയുടെ മെത്രാൻ

---

*NB: ഈ സർക്കുലർ മാർച്ച് മാസം 10–ാം തിയതി, ഞായറാഴ്ച, കുർബ്ബാനമധ്യേ നമ്മുടെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്. എല്ലാവർക്കും നിറഞ്ഞ ദൈവാനുഗ്രഹം നേർന്നുകൊണ്ട്,*

# മേജർ ആർച്ച്ബിഷപ്പിന്റെ സർക്കുലർ

## നോമ്പുകാലചിന്തകൾ

സഭയിലെ ഒരോ രൂപതയിലെയും പിതാക്കന്മാർ നോമ്പുകാലസന്ദേശങ്ങൾ നല്കിയിട്ടുണ്ടല്ലോ. ഏതാനും പൊതുവായ ചിന്തകൾ നിങ്ങളുടെ പരിചിന്തനത്തിനും പ്രാർത്ഥനയ്ക്കും വിഷയമാക്കുവാൻ ഞാനും ആഗ്രഹിക്കുന്നു.

പൗരസ്ത്യസഭകൾ ഉയിർപ്പുതിരുന്നാളിന് ഒരുക്കമായി 50 ദിവസങ്ങളാണ് നോമ്പ് ആചരിക്കുന്നത്. സീറോ മലബാർസഭയിൽ ഇത് അമ്പതുനോമ്പ്, വലിയനോമ്പ് എന്നൊക്കെ അറിയപ്പെടുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പുഞായർ വരെ ആചരിക്കപ്പെടുന്ന നോമ്പായതുകൊണ്ടാണ് 50 നോമ്പ് എന്ന പേരു വന്നത്.

ചില ഭക്ഷണസാധനങ്ങളുടെ വർജനം (മത്സ്യമാംസാദികൾ) ഇക്കാലത്തു പാലിക്കുന്നതുകൊണ്ടാണ് നോമ്പാചരണം എന്നു പറയുന്നത്. നോമ്പിനോടു ചേർന്നുപോകുന്ന ഒരു അനുഷ്ഠാനമാണ് ഉപവാസം. നോമ്പിലെ എല്ലാദിവസങ്ങളിലുമോ, വെള്ളിയാഴ്ച ദിവസങ്ങളിലോ, ഒരു നേരം മാത്രം ഭക്ഷണം കഴിക്കുക എന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പതിവ് ഇന്നും പലരും പാലിക്കുന്നുണ്ട്. നോമ്പും ഉപവാസവും പാലിച്ചും പ്രാർത്ഥനാപൂർവം അനുരഞ്ജന കൂദാശ സ്വീകരിച്ചും പശ്ചാത്താപ ചൈതന്യത്തോടെ നോമ്പാചരണം നടത്തുന്നത് ജീവിത നവീകരണത്തിന് ഏറെ ഉപകാരപ്രദമാണ്. സഭയിലെ വിശ്വാസികൾ എല്ലാവരും ഈ വിധത്തിൽ ഫലപ്രദമായ രീതിയിൽ നോമ്പാചരിക്കണമെന്ന് സ്നേഹപൂർവം അഭ്യർഥിക്കുന്നു.

ശരീരവും മനസ്സും ആത്മാവും ഒന്നു ചേർന്നുള്ള ഒരു സത്തയാണ് മനുഷ്യന്റേത്. മനസ്സിന്റെയും ആത്മാവിന്റെയും സംസ്കരണത്തിനും വിശുദ്ധീകരണത്തിനും ശരീരത്തിന്റെ പ്രവണതകളെ നേരായി നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. തിന്മയുടെ ശക്തി നമ്മിൽ ഒരോരുത്തരിലും മനുഷ്യസമൂഹത്തിൽ പൊതുവേയും പ്രവർത്തിക്കുന്നുണ്ട്. കർത്താവായ ഈശോയുടെ ജീവിതത്തിൽ തന്നെ ഭക്ഷണം, പ്രതാപം, പ്രശസ്തി എന്നീ പ്രലോഭനങ്ങൾ മുന്നിൽവെച്ച് സാത്താൻ അവിടുത്തെ പരീക്ഷിച്ചതായും

സുവിശേഷത്തിൽ നാം വായിക്കുന്നുണ്ടല്ലോ. പത്രോസിനോട് പോലും ഈശോ പറഞ്ഞു: 'ഇതാ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റാൻ ഉദ്യമിച്ചു. എന്നാൽ നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രർത്ഥിച്ചു' (ലൂക്കാ. 22:31–32).

ഈശോയുടെ നസ്രത്തിലെ സിനഗോഗ് പ്രസംഗത്തിൽ 'ബന്ധിതരുടെ മോചനം' മിശിഹായുടെ ഒരു പ്രധാന ദൗത്യമായി അവിടുന്ന് അറിയിക്കുന്നു. തിന്മയുടെ ശക്തിയാണ് നമ്മെ ബന്ധിതരാക്കുന്നത്. പലവിധ ബന്ധനങ്ങളിൽപെട്ട് ദൈവമക്കളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്ന ജീവിത ശൈലി ആത്മപരിശോധനയ്ക്ക് വിഷയമാക്കണം. നന്മയും തിന്മയും തമ്മിൽ തിരിച്ചറിയാനും തിന്മയെ പൂർണ്ണമായി ഉപേക്ഷിക്കാനും അതുവഴി ബന്ധനങ്ങളിൽ നിന്ന് മോചനം നേടാനുള്ള അവസരമാണ് നോമ്പുകാലം. മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം, ലൈംഗികാസക്തി, കീർത്തിദാഹം മുതലായ ദുഷ്തഴക്കങ്ങളുടെ ബന്ധനത്തിനിന്ന് മോചിതരാകുന്നതിന് വ്യക്തിപരമായി പ്രതിജ്ഞ എടുത്ത് ദൈവത്തിൽ അഭയം തേടുന്നത് നോമ്പുകാലത്തിന്റെ ഫലപ്രദമായ ആചരണമായിരിക്കും.

നോമ്പുകാലത്തെ ആത്മപരിശോധനയിൽ നമ്മൾ ചെയ്യുന്ന സാമൂഹികതിന്മകളെ ഉൾപ്പെടുത്തണം. ആഘോഷങ്ങളുടെയും നിർമ്മാണ പ്രവർ ത്തനങ്ങളുടെയും രംഗത്തുള്ള ധൂർത്ത്, പരിസ്ഥിതി മലിനീകരണം, പൊതുമുതൽ നശിപ്പിക്കുന്ന പ്രവണത, അഴിമതി മുതലായ സാമൂഹിക തിന്മകളിൽ നിന്ന് മോചനം നേടേണ്ടതും സമൂഹത്തിന്റെ സുസ്ഥിതിക്കും സുഗമമായ നിലനില്പിനും ആവശ്യമാണ്.

ദൈവത്തിന്റെ ദാനമായ പ്രപഞ്ചത്തെക്കുറിച്ചും നമ്മൾ നേരിടുന്ന പരിസ്ഥിതി പ്രതിസന്ധികളെക്കുറിച്ചും ഈ നോമ്പുകാലത്ത് ചിന്തിക്കണം. പരിസ്ഥിതിക്കു ഭീഷണിയാകുന്ന എല്ലാ പ്രവർത്തനങ്ങളിൽ നിന്നും പിൻതിരിയാനുള്ള ഒരു തീരുമാനം നോമ്പുകാലത്ത് നമ്മളോരോരുത്തരും എടുക്കണമെന്നാണ് എന്റെ ആഗ്രഹം. നമ്മുടെ പരിസരങ്ങളും ജലവും വായുവും മാലിന്യരഹിതമായി കാത്തുസൂക്ഷിക്കേണ്ടത് ജീവന്റെ പരിരക്ഷണത്തിന് അത്യാന്താപേക്ഷിതമാണ്. അത് സൃഷ്ടാവായ ദൈവത്തോടുള്ള നന്ദിയുടെയും വരും തലമുറയോടുള്ള പ്രതിബദ്ധതയുടെയും ഭാഗമാണ്. ജീവനെതിരെയുള്ള ഭീഷണികളെ സുവിശേഷ

മാർഗ്ഗത്തിലൂടെ നേരിടുവാനുള്ള സാമൂഹികപ്രതിബന്ധത കൂടുതൽ ആർജിക്കുവാനുള്ള സമയംകൂടിയാണ് നോമ്പു കാലം. ഭ്രൂണഹത്യ, കാരുണ്യവധം, ലിംഗാടിസ്ഥിതവിവേചനം വിശിഷ്യാ, സ്ത്രീ വിവേചനം, ദളിത്–ആദിവാസി സമൂഹങ്ങളോടുള്ള അവഗണന, ഭിന്നശേഷിക്കാരോടുള്ള അവഗണന എന്നിവയെല്ലാം ജീവനെതിരെയുള്ള ഭീഷണികളാണ്. രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിലുള്ള സംഘർഷങ്ങൾ മൂലം ജീവൻ നഷ്ടപ്പെടുത്തുന്നതും ജീവനെതിരെയുള്ള വലിയ തിന്മയാണെന്ന ബോധ്യം ആഴപ്പെടണം. നോമ്പുകാലത്ത് എല്ലാവരോടും ആദരവും ബഹുമാനവും കാത്തുസൂക്ഷിച്ചുകൊണ്ട് ജീവന്റെ എല്ലാ തലങ്ങളിലും അതിന് സംരക്ഷണം നൽകുന്നതിന് നമുക്ക് പരിശ്രമിക്കാം.

ദൈവത്തോടുള്ള അടുപ്പം സഹോദരങ്ങളോട് കൂടുതൽ അടുക്കുവാൻ നമ്മെ സഹായിക്കുന്നു. മിശിഹായുടെ ശരീരത്തിലെ അംഗങ്ങൾ എന്ന നിലയിൽ വിശ്വാസികളായ എല്ലാ സഹോദരങ്ങളോടും, മനുഷ്യസമൂഹത്തിലെ അംഗങ്ങളെന്ന നിലയിൽ എല്ലാ മനുഷ്യരോടും സ്നേഹത്തിൽ കൂടുതൽ ഐക്യപ്പെടുവാനുള്ള സന്ദർഭമായി നോമ്പുകാലം മാറണം. നമുക്കുള്ളവയിൽ നിന്ന് ആവശ്യക്കാരായ സഹോദരങ്ങൾക്ക്, വിശിഷ്യ അഗതികൾ, അഭയാർത്ഥികൾ, തിരസ്ക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ എന്നിവർക്കായും പങ്കുവയ്ക്കുവാൻ നോമ്പുകാലത്ത് നാം പ്രത്യേകം ശ്രദ്ധിക്കണം.

ദൈവവുമായുള്ള ഐക്യത്തിലും വിധേയത്വത്തിലും നാം നോമ്പിനെ കാണണം. പ്രാർത്ഥന, ദൈവവചനധ്യാനം, കൂദാശകളുടെ ഒരുക്കത്തോടെയുള്ള സ്വീകരണം, കാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിൽ മുന്നേറുവാനുള്ള സന്ദർഭമായും നോമ്പുകാലം ഉപകരിക്കട്ടെ! അപ്രകാരം അനുതാപത്തിന്റെയും ജീവിതനവീകരണത്തിന്റെയും വഴിയിലൂടെ സഞ്ചരിച്ച് കൂടുതൽ വിശുദ്ധിയോടെ ഉയിർപ്പ് തിരുനാളിന്റെ മഹത്വത്തിൽ പങ്കുചേരുന്നതിന് നമുക്ക് ഇടയാകട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

**+കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

# മേജർ ആർച്ച്ബിഷപ്പിന്റെ സർക്കുലർ

*2019 ജനുവരി 07 മുതൽ 18 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച സീറോമലബാർസഭയിലെ മെത്രാന്മാരുടെ 27–ാമത് സിനഡിന്റെ പ്രഥമ സമ്മേളനത്തിനുശേഷം എല്ലാ സീറോമലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ.*

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2018 ആഗസ്റ്റ് മാസത്തിൽ നടക്കേണ്ടിയിരുന്ന 26–ാമത് സിനഡിന്റെ രണ്ടാം സമ്മേളനം പ്രളയംമൂലം നടത്താൻ സാധിച്ചില്ലല്ലോ. തൻമൂലം 27–ാമത് സിനഡിന്റെ ഒന്നാം സമ്മേളനം 2019 ജനുവരിയിൽ ഒരാഴ്ചയ്ക്കു പകരം രണ്ടാഴ്ചയായി വർദ്ധിപ്പിച്ച് സഭാകേന്ദ്രമായ മൗണ്ട് സെന്റ് തോമസിൽ വച്ച് കൂടി. പ്രളയക്കെടുതിയിൽ വലിയ നാശനഷ്ടങ്ങൾ നേരിടുകയും ഏറെ ക്ലേശങ്ങൾ അനുഭവിക്കുകയും ചെയ്ത എല്ലാവരുടെയും വേദനയിൽ സിനഡുപിതാക്കൻമാർ പങ്കുചേർന്നു. പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കു വേണ്ടിയും കഷ്ടതകൾ അനുഭവിക്കുന്നവർക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. കേരളത്തിലും ലോകമെമ്പാടുമുള്ള നമ്മുടെ സഹോദരങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സഹായസന്നദ്ധതയും മഹാമനസ്കതയും വെളിപ്പെടുത്തുന്നതായിരുന്നു പ്രളയാനന്തരപ്രവർത്തനങ്ങൾ. വേദനയനുഭവിക്കുന്ന സഹോദരങ്ങൾക്ക് ഒരു കൈത്താങ്ങാകാൻ കരുണയുടെ കരങ്ങളായി പ്രവർത്തിച്ച ഏവർക്കും സിനഡ് കൃതജ്ഞതയും അഭിനന്ദനവും അറിയിച്ചു.

പ്രളയ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ എല്ലാവരും ആത്മാർത്ഥമായി പങ്കുചേർന്നു എന്നത് ചാരിതാർത്ഥ്യജനകമായ വസ്തുതയാണ്. ഇപ്പോൾ ലഭിച്ചിരിക്കുന്ന കണക്കനുസരിച്ച് സീറോമലബാർ സഭയിലെ വിവിധ രൂപതകളും ഇടവകകളും സമർപ്പിത സമൂഹങ്ങളും അല്മായ സഹോദരങ്ങളും ചേർന്ന് 187,59,94806 (നൂറ്റി എൺപത്തിയേഴ് കോടി അൻപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റി

നാലായിരത്തി എണ്ണൂറ്റിയാറ്) രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഇതിൽ, സീറോമലബാർസഭയുടെ സാമൂഹിക പ്രവർത്തന ശൃംഖലയായ സ്പന്ദനിലൂടെ സമാഹരിച്ച 1,13,05204 (ഒരു കോടി പതിമൂന്നു ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ്റി നാല്) രൂപ കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്യുകയുണ്ടായി. കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് നേരത്തേ നൽകിയ ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ സീറോ മലബാർ സഭയുടെ വിഹിതമായിരുന്നു എന്നതും ഈ സാഹചര്യത്തിൽ ഓർമിപ്പിക്കുന്നു. കൂടാതെ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും ചെറുതും വലുതുമായ സംഭാവനകൾമുഖ്യമന്ത്രിയുടെദുരിതാശ്വാസനിധിയിലേയ്ക്ക്സ്വന്തംനിലയിൽ കൊടുക്കുകയും ചെയ്തിരുന്നു.

മെത്രാഭിഷേകത്തിനുശേഷം ഈ സിനഡിൽ ആദ്യമായി പങ്കെടുത്ത ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനും സാഗർ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് അത്തിക്കളം പിതാവിനും സിനഡ് സ്വാഗതംആശംസിച്ചു.എറണാകുളം–അങ്കമാലി അതിരൂപതയുടെഅഡ്മിനിസ്രേട്ടറായി ചുമതലയേറ്റ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും സിനഡ് ആശംസകൾ നേർന്നു. മുൻ സിനഡിന്റെ തീരുമാനങ്ങൾ പുനരവലോകനം ചെയ്തുകൊണ്ടാണ് സിനഡുസമ്മേളനം ആരംഭിച്ചത്. പല തീരുമാനങ്ങളും അതതു രൂപതാതലത്തിലും ആഗോളതലത്തിലും പ്രാവർത്തികമാക്കാൻ കഴിഞ്ഞതിൽ സിനഡ് സംതൃപ്തി പ്രകടിപ്പിച്ചു.

## അജപാലനസമീപനങ്ങളും സഭാനവീകരണവും

അടുത്തകാലത്ത് നമുക്ക് അഭിമുഖീഭവിക്കേണ്ടിവന്ന സംഭവവികാസങ്ങളെ തികഞ്ഞ ആത്മീയതയുടെ വെളിച്ചത്തിൽ വിലയിരുത്തുവാൻ പിതാക്കൻമാർ സിനഡു സമ്മേളനത്തിൽ ശ്രമിക്കുകയുണ്ടായി. സഭയിലെ വൈദികരും സന്ന്യസ്തരും തങ്ങളുടെ യഥാർത്ഥമായ വിളിയും ദൗത്യവും കൂടുതൽഗൗരവമായിഎടുക്കേണ്ടതുണ്ട്.വൈദികമേൽക്കോയ്മ,സ്ഥാപനവത്കരണം എന്നിവ ഒഴിവാക്കി ഈശോയുടെ മാതൃകയിൽ പൗരോഹിത്യ ശുശ്രൂഷയിലേക്ക് ഏവരും കടന്നുവരേണ്ടതുണ്ട്. ഈ വിധത്തിലുള്ള പ്രശ്നങ്ങൾക്ക് സഭാത്മകമായ ഒരു ശാശ്വതപരിഹാരം ആവശ്യ

മാണെന്ന് ഏവരും അഭിപ്രായപ്പെട്ടു. സഭയുടെ അടിസ്ഥാനപരമായ സാക്ഷ്യത്തെപ്പറ്റിയും ആനുകാലികപ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമാർഗങ്ങൾ ആരാഞ്ഞുകൊണ്ടും അവധാനപൂർണമായ ആത്മശോധന നടത്തുകയുണ്ടായി. യഥാർത്ഥത്തിലുള്ള ആത്മനവീകരണവും വിശുദ്ധീകരണവും സഭാനേതൃത്വം മുതൽ എല്ലാതലങ്ങളിലും അനിവാര്യമാണെന്ന് സിനഡ് വിലയിരുത്തി. അതിന്റെ വെളിച്ചത്തിൽ തയ്യാറാക്കിയ സർക്കുലർ നമ്മുടെ എല്ലാ ഇടവകകളിലും വായിച്ചിരുന്നല്ലോ.

മാറിയ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പശ്ചാത്തലത്തിൽ സഭ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും അഭിമുഖീകരിക്കുന്ന വെല്ലുവിളികളും എങ്ങനെ തരണം ചെയ്യണമെന്നത് സിനഡു പിതാക്കൻമാർ ശ്രദ്ധാപൂർവം വിചിന്തനം ചെയ്തു. നമ്മുടെ ക്രൈസ്തവ തനിമയും വിശ്വാസ്യതയും ശക്തിപ്പെടുത്തുന്നതിനുള്ള സമീപനങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ആലോചനകളും നടത്തി. ഒരു സ്വയാധികാരസഭയായി പ്രഖ്യാപിക്കപ്പെട്ടതിന്റെ രജതജൂബിലി ആഘോഷിച്ച നമ്മുടെ സഭ കൂടുതൽ ആത്മീയവളർച്ചയുടെയും സാക്ഷ്യത്തിന്റെയും വഴിയിലേക്ക് വരണമെന്ന അഭിപ്രായമുൺയർന്നു വന്നു. സഭയിലെ എല്ലാ വിഭാഗങ്ങളും ഘടകങ്ങളും തങ്ങളുടെ വിളിയെയും വിശുദ്ധിയെയുംപറ്റി കൂടുതൽ ബോധമുള്ളവരായിത്തീരണം. വൈദികസാക്ഷ്യവും സന്ന്യസ്തസമർപ്പണവും കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇടവകകളിലെ കുടുംബയൂണിറ്റുകൾ, പ്രാർത്ഥനായോഗങ്ങൾ, ഭക്തസംഘടനകൾ എന്നിവയുടെ പ്രവർത്തനശൈലി പുനർവിചിന്തനം ചെയ്യപ്പെടേണ്ടതുണ്ട്. സാമൂഹിക തലങ്ങളിൽ സഭാമക്കളുടെയും സന്ന്യസ്തരുടെയും പങ്കാളിത്തം പുതിയ രൂപഭാവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സഭാത്മകവും ക്രിസ്തീയവുമായ സാക്ഷ്യത്തിനുള്ള അവസരമാക്കി മാറ്റണം. സഭയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ലഭിക്കുന്ന പരാതികളിൽ തീർപ്പുകൽപ്പിക്കാൻ രൂപതാതലത്തിൽ ഒരു പ്രശ്നപരിഹാര സമിതി (Grievance Redressal Cell) രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സിനഡ് ചർച്ച ചെയ്യുകയും അതതു രൂപതാദ്ധ്യക്ഷൻമാർ അതിന് മുൻകൈ എടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇത്തരം സമിതികളിൽ അല്മായരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും സമയബന്ധിതമായി തീർപ്പുകല്പ്പിച്ച് നീതി നടപ്പാക്കുകയും വേണം.

കാലാകാലങ്ങളിൽ സഭയിലുണ്ടാകുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് വൈദികരുടെയും സന്ന്യസ്തരുടെയും അല്മായരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാനും അവരെ ശ്രവിക്കുവാനുമുള്ള കൂടുതൽ കാര്യക്ഷമ മായ വേദി നൽകണമെന്നും സിനഡ് അഭിപ്രായപ്പെട്ടു. ഇതിന്റെ പശ്ചാ ത്തലത്തിൽ, വരുംകാല സിനഡു സമ്മേളനങ്ങളോടനുബന്ധിച്ച് ഒരു ദിവസം അല്മായ പ്രതിനിധികളെ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ, സംഘടനാഭാരവാഹികളുടെ പ്രതിനിധികൾ തുടങ്ങിയവരെ, പങ്കെടുപ്പി ക്കുന്നതിനെപ്പറ്റി ആലോചിച്ചു.

## സെയ്ഫ് എൻവയൺമെന്റ് പ്രോഗ്രാം

വത്തിക്കാനിലെ വിശ്വാസതിരുസംഘത്തിന്റെയും ഭാരതമെത്രാൻ സമി തിയുടെയും മാർഗരേഖകളുടെ വെളിച്ചത്തിൽ പള്ളികൾ, വൈദിക ഭവനങ്ങൾ, മതബോധന ക്ലാസ്സുകൾ, ഭക്തസംഘടനകൾ, ആതുരാല യങ്ങൾ, സന്ന്യാസഭവനങ്ങൾ എന്നിവയുടെ പ്രവർത്തനരംഗങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സന്തോഷകരമായും സുരക്ഷിതമായും പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുവാൻ സിനഡു തീരുമാനിച്ചു. കെ.സി.ബി.സി. പ്രസിദ്ധീകരിച്ച സെയ്ഫ് എൻവയൺമെന്റ് പ്രോഗ്രാം, നമ്മുടെ എല്ലാ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലും സ്ഥാപനങ്ങളി ലും നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള മേജർ ആർച്ച്ബിഷപ്പിന്റെ ഡിക്രി യുടെ കൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും സന്ന്യാസസ മൂഹങ്ങളിലും ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ സമിതികൾ രൂപീക രിക്കുകയും ഡയറക്ടർമാരെ നിയമിക്കുകയും ചെയ്യേണ്ടതാണ്. ഇത് നടപ്പിലാക്കുവാൻ ബഹു. വികാരിയച്ചന്മാരും സമർപ്പിതരും മറ്റു ബന്ധപ്പെട്ടവരും ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ വീഴ്ചകളും പിഴവുകളും നിയമലംഘനങ്ങളും സംഭവിച്ചാൽ ഇന്ത്യയിലെ നിയമവ്യവസ്ഥ അനു ശാസിക്കുന്ന നടപടികളായിരിക്കും സ്വീകരിക്കേണ്ടതെന്ന് ഈ അവസര ത്തിൽ ഓർമ്മിപ്പിക്കുന്നു.

## മാധ്യമവിചിന്തനം

അതിവേഗം വളരുകയും അനുസ്യൂതം വ്യാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാമൂഹികമാധ്യമങ്ങളുടെയും ദൃശ്യശ്രാവ്യമാധ്യമങ്ങളുടെയും

ഉത്തരവാദിത്വബോധത്തോടെയുള്ള ഉപയോഗത്തെക്കുറിച്ചും ഈ മേഖലയിൽ ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തെക്കുറിച്ചും സിനഡ് ചർച്ചചെയ്തു. മാധ്യമ സാക്ഷരതയും ധാർമ്മികതയും നമ്മുടെ വിശ്വാസി സമൂഹത്തിൽ വളർത്തിയെടുക്കുകയും അവരെ പരിശീലിപ്പിക്കുകയും വേണം. അസത്യവും അവാസ്തവവുമായ വാർത്തകളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്നത് ന്യായീകരിക്കാനാവില്ല. വ്യക്തിഹത്യയും സഭാ സംവിധാനങ്ങൾക്കെതിരേയുള്ള ബോധപൂർവകമായ ദുഷ്പ്രചാരണങ്ങളും നടത്തുന്നത് മാന്യമായ മാധ്യമപ്രവർത്തനമല്ല. സാമൂഹികമാധ്യമങ്ങളിലൂടെ സഭയുടെ പ്രവർത്തനങ്ങളെ തമസ്കരിക്കാനും അവഹേളിക്കാനും ബോധപൂർവം നടത്തുന്ന ശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കാനാവില്ല. സഭയോടുള്ള ചില മാധ്യമങ്ങളുടെ വിപ്രതിപത്തി തിരിച്ചറിഞ്ഞ് സഭയ്ക്കും സുവിശേഷമൂല്യങ്ങൾക്കും വേണ്ടി നിലകൊള്ളുവാൻ നമ്മുടെ വിശ്വാസികളെ പ്രത്യേകിച്ച്, യുവജനങ്ങളെ പരിശീലിപ്പിക്കേൺണ്ടതുണ്ട്. സഭയുടെ മാധ്യമപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ സിനഡിന്റെ നേതൃത്വത്തിൽ ഒരു മാധ്യമ കമ്മീഷനെ നിയമിച്ചിട്ടുള്ള വിവരം ഈ അവസരത്തിൽ നിങ്ങളെ അറിയിക്കട്ടെ.

## വൈദിക പരിശീലനത്തിലെ നൂതനാഭിമുഖ്യങ്ങൾ

സഭയിലെ വൈദിക പരിശീലന പദ്ധതികളെക്കുറിച്ച് സിനഡ് വിശദമായി ചർച്ച ചെയ്യുകയും സെമിനാരികളുടെ റിപ്പോർട്ടുകൾ പരിശോധിക്കുകയും ചെയ്തു. ഭാവിവൈദികരുടെ പരിശീലനം ആനുകാലികപ്രസക്തവും സഭാത്മകവുമായിരിക്കണം. വൈദികവിദ്യാർത്ഥികളുടെ പരിശീലനകാലത്തുള്ള അജപാലനശുശ്രൂഷ പ്രോൽസാഹിപ്പിക്കേണ്ടതാണ്. വിശ്വാസപരിശീലനംപോലെ മാധ്യമപരിശീലനവും പ്രധാനപ്പെട്ടതാണ്. ആത്മീയവളർച്ച ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ മാനസികമായ പക്വത കൈവരിക്കുവാൻ പരിശീലനകാലഘട്ടത്തിൽ വൈദികവിദ്യാർത്ഥികളെ സഹായിക്കേണ്ടതുണ്ട്. സെമിനാരികളുടെ പ്രവർത്തനത്തിൽ അല്മായരുടെയും സന്ന്യസ്തരുടെയും സഹകരണവും പങ്കാളിത്തവും പ്രോൽസാഹനവും അനിവാര്യമാണെന്ന് സിനഡു പിതാക്കൻമാർ ആവർത്തിച്ച് അഭിപ്രായപ്പെട്ടു.

## പ്രവാസികളുടെ അജപാലനം

കേരളത്തിനു വെളിയിലും ഇന്ത്യയ്ക്കുപുറത്തുമുള്ള പ്രവാസി സമൂഹങ്ങളുടെ അജപാലനശുശ്രൂഷ എന്നും സിനഡിന്റെ സത്വരശ്രദ്ധാവിഷയമാണ്. ഷംഷാബാദ് രൂപതാസ്ഥാപനത്തിന്റെ പശ്ചാത്തലത്തിൽ, കേരളത്തിനു പുറത്തുള്ള സീറോ മലബാർ സഭാമക്കൾ കൗദാശികവും അജപാലനാപരവുമായ ആവശ്യങ്ങൾക്ക് നാട്ടിൽ വരുമ്പോൾ തങ്ങൾ ആയിരിക്കുന്ന സീറോ മലബാർ ഇടവകകളിൽനിന്ന് ആവശ്യമായ രേഖകൾ കൊണ്ടുവരേണ്ടതാണെന്ന കാര്യം ഓർമിപ്പിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിർദേശം അഭിവന്ദ്യ പിതാക്കൻമാർ എല്ലാ രൂപതകളിലും നല്കുമല്ലോ. ഗൾഫിലുള്ള നമ്മുടെ വിശ്വാസിസമൂഹത്തിന്റെ അജപാലനകാര്യങ്ങളും സിനഡിൽ ചർച്ച ചെയ്തു. മാർപ്പാപ്പയുടെ ഗൾഫ് സന്ദർശനം അവിടെയുള്ള നമ്മുടെ വിശ്വാസികൾക്ക് കൂടുതൽ ഉണർവ്വ് പകർന്നിട്ടുണ്ട്. അതിൽ സംബന്ധിച്ച എനിക്ക് ഇക്കാര്യം നേരിട്ട് മനസ്സിലാക്കുവാൻ സാധിച്ചു. എല്ലാ സമൂഹങ്ങളിലും, പ്രത്യേകിച്ച് പ്രവാസി സമൂഹങ്ങളിലും, സഭാത്മകചൈതന്യം വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കേരളത്തിനു പുറത്തുള്ള സാഗർ, സത്ന, ഉജ്ജയിൻ രൂപതകൾ സുവർണജൂബിലി ആഘോഷിച്ച വിവരം ഈയവസരത്തിൽ സന്തോഷത്തോടെ സ്മരിക്കുന്നു. രൂപതയായി ഉയർത്തപ്പെട്ട കാനഡയിലെ മിസ്സിസ്സാഗായുടെ മേലദ്ധ്യക്ഷനും വിശ്വാസികൾക്കും ഈയവസരത്തിൽ അനുമോദനങ്ങൾ അറിയിക്കുന്നു.

## സുവിശേഷവത്കരണത്തിന് നവസാധ്യതകൾ

നമ്മുടെ സഭ ഭാരതം മുഴുവനിലും ആഗോളതലത്തിലും വളരുന്നത് സഭയുടെ സുവിശേഷവൽകരണത്തിനുള്ള സാധ്യതകൾ വിപുലമാക്കാനുള്ള അവസരമായിട്ടുവേണം നാം സ്വീകരിക്കാൻ. ഇന്ത്യയിലെവിടെയും പ്രവർത്തന സ്വാതന്ത്ര്യം ലഭിച്ചത് മുഖ്യമായും പ്രേഷിതപ്രവർത്തനത്തിനുള്ള വലിയ സാധ്യതകൾ നൽകുന്നുവെന്ന് ഫ്രാൻസിസ് മാർപാപ്പാ 2017 ഒക്ടോബർ 9 ന് പ്രസിദ്ധീകരിച്ച എഴുത്തിൽ പ്രതിപാദിക്കുന്നുണ്ട്. സുവിശേഷചൈതന്യത്തിന്റെ അടിസ്ഥാനത്തിലും കാലഘട്ടത്തിന്റെ ആവശ്യങ്ങൾ വിവേചിച്ചറിഞ്ഞും സഭയുടെ സുവിശേഷവത്കരണപ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യണം.

സഭാത്മക പ്രവർത്തനങ്ങളിലൂടെയും നമ്മുടെ സാന്നിദ്ധ്യത്തിലൂടെയും സാക്ഷ്യത്തിലൂടെയും പ്രേഷിതപ്രവർത്തനങ്ങൾ നടത്തുവാനുള്ള സാദ്ധ്യതകളേറെയാണ്. ഇതിനായി സഹകരിക്കുവാൻ മാതൃസഭയിലെ വൈദികരും സന്ന്യസ്തരും അല്മായപ്രേഷിതരും മുമ്പോട്ട് വരേണ്ടതുണ്ട്. നാട്ടിലെ ഓരോ രൂപതാവൈദികനും, പ്രത്യേകിച്ച് യുവവൈദികർ, രണ്ടോ മൂന്നോ വർഷത്തേക്കെങ്കിലും കേരളത്തിനു പുറത്തുള്ള നമ്മുടെ മിഷൻ കേന്ദ്രങ്ങളിൽ സേവനം ചെയ്യുന്ന കാര്യം ആലോചിക്കണമെന്ന അഭിപ്രായമുണ്ടായി. ഈ മിഷൻ സംരംഭത്തിൽ നാട്ടിലെ രൂപതകളിലെ സമ്പന്നരായ വ്യക്തികളും കുടുംബങ്ങളും പുറത്തുള്ള മിഷനുകളെ ദത്തെടുക്കുന്ന ഒരു സംവിധാനത്തെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. ഇതിനോടകം നമ്മുടെ മിഷൻ രൂപതകളെ നാട്ടിലെ പല രൂപതകളും ദത്തെടുത്തിട്ടുണ്ടെന്നതും നമ്മുടെ പല വൈദികരും സന്ന്യാസസമൂഹങ്ങളും അവിടെ സേവനം ചെയ്യുന്നുവെന്നതും ഈയവസരത്തിൽ നന്ദിപൂർവം സ്മരിക്കുന്നു.

## വിദ്യാഭ്യാസ മേഖലയിലെ വെല്ലുവിളികൾ

വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സഭ ഉൽക്കണ്ഠയോടെയാണ് നോക്കിക്കാണുന്നത്. വർഷങ്ങളായി നിയമനാംഗീകാരം ലഭിക്കാതെ വലയുന്ന അദ്ധ്യാപകരുടെ സാഹചര്യം സഹാനുഭൂതിയോടെ സഭ മനസ്സിലാക്കുന്നു. ന്യൂനപക്ഷാവകാശങ്ങൾ പരിഗണിക്കുമ്പോൾ മതങ്ങൾക്ക് ഉപവിഭാഗങ്ങളില്ല എന്നുള്ള കോടതിവിധിയും അനുബന്ധമായ സർക്കാർ ഉത്തരവും ന്യൂനപക്ഷസ്ഥാപനങ്ങളുടെ അവകാശങ്ങളെ ദോഷകരമായി ബാധിക്കുകയും ക്രമേണ അവയെ ഇല്ലാതാക്കുകയും ചെയ്യുമെന്നത് നമുക്ക് ആശങ്കയുണർത്തുന്നതാണ്.

## ഇനിയും പരിഹരിക്കാത്ത കർഷകരുടെ പ്രശ്നങ്ങൾ

നമ്മുടെ കർഷകരുടെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കാർഷികവിളകളുടെ വിലത്തകർച്ച, കൃഷിയിടങ്ങളിലെ വന്യമൃഗശല്യം എന്നിവയ്ക്ക് സർക്കാരിന്റെ ഭാഗത്തുനിന്ന് ശാശ്വതമായ പരിരക്ഷയും പരിഹാരവുമാണ് സഭ പ്രതീക്ഷിക്കുന്നത്. അതിനായി രൂപതാതലത്തിലും

ഇടവകതലത്തിലും ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്. കർഷകരുടെ പ്രശ്നങ്ങൾ, ദളിത്സംവരണം തുടങ്ങിയ കാര്യങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് കൂടുതൽ ഇടപെടണമെന്ന അഭിപ്രായവുമുണ്ടായി.

## സംഘടനാപ്രവർത്തനങ്ങൾ

നമ്മുടെ യുവജനസംഘടനയായ SMYM (സീറോ മലബാർ യൂത്ത് മൂവ്മെന്റ്) ന്റെ നിയമാവലിക്ക് സിനഡ് നൽകിയിരുന്ന താത്കാലിക അംഗീകാരം മൂന്നു വർഷത്തേക്കുകൂടി നീട്ടുകയുണ്ടായി. നമ്മുടെ എല്ലാ രൂപതകളിലും യുവജന സംഘടനാപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാനും അതുവഴി നമ്മുടെ യുവതീയുവാക്കളുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുവാനും സിനഡ് പിതാക്കൻമാർ ആഹ്വാനം ചെയ്തു. ചെറുപുഷ്പ മിഷൻ ലീഗിന്റെ നിയമാവലിയും ഈ സിനഡു സമ്മേളനത്തിൽ അംഗീകരിക്കുകയുണ്ടായി. നമ്മുടെ സഭയുടെ ദൈവവിളി പ്രോത്സാഹനത്തിനുള്ള മാർഗരേഖയും ഈ സിനഡ് അംഗീകരിച്ചു.

## അസംബ്ലി തീരുമാനങ്ങൾ പ്രായോഗിക തലത്തിലേയ്ക്ക്

2016 ആഗസ്റ്റ് മാസത്തിൽ നടന്ന നാലാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സിനഡിൽ രൂപപ്പെട്ട 10 തീരുമാനങ്ങൾ കഴിഞ്ഞ വർഷം നടപ്പാക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി നമ്മുടെ എല്ലാ രൂപതകളിലും നടപ്പിലാക്കുന്നതിനായി ഈ സിനഡ് സമ്മേളനം ചർച്ച ചെയ്തു തീരുമാനിച്ച 10 നിർദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

1. സഭയിൽ നേതൃത്വശുശ്രൂഷയിലേക്ക് കടന്നുവരുന്ന അല്മായ സഹോദരങ്ങൾക്ക്, പ്രത്യേകിച്ച് കൈക്കാരന്മാർ, ദേവാലയശുശ്രൂഷികൾ, മതാദ്ധ്യാപകർ, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ, സംഘടനാഭാരവാഹികൾ എന്നിവർക്ക്, സഭയുടെ ജീവിതശൈലിക്ക് യോജിച്ച ലാളിത്യത്തെക്കുറിച്ച് വേണ്ടത്ര പരിശീലനം നല്കണം. പ്രായപരിധികൾക്കനുസരിച്ചും കുടുംബതലത്തിലും ധ്യാനങ്ങളും ബോധവത്കരണ സെമിനാറുകളും കൂടുതലായി പ്രോത്സാഹിപ്പിക്കണം.

2. ഇടവക ഉൾപ്പെടെയുള്ള സഭയുടെ ഭരണസംവിധാനങ്ങളിൽ പ്രകടമാകുന്ന ഉദ്യോഗസ്ഥ മേധാവിത്വശൈലി ഉപേക്ഷിക്കണം. സഭാസംവിധാനങ്ങളുടെ ഓഫീസുകൾ അജപാലനശുശ്രൂഷയുടെ സ്വഭാവം നിലനിർത്തുകയും ആവശ്യമെങ്കിൽ ജനങ്ങൾക്ക് കൂടുതൽ സംലഭ്യമാകുംവിധം പുനഃക്രമീകരണം നടത്തുകയും വേണം.

3. വൈദികരിൽനിന്നും സമർപ്പിതരിൽനിന്നും കൂടുതൽ ഹൃദ്യമായ വാക്കുകളും സമീപനങ്ങളും എല്ലാ ജനങ്ങൾക്കും, വിശിഷ്യ യുവജനങ്ങൾക്കും ലഭിക്കണം.

4. പരിസ്ഥിതി സംരക്ഷണത്തിനായി ഇടവകകളും സ്ഥാപനങ്ങളും ക്ലീൻ പാരിഷ് പരിപാടികളും ക്ലീൻ ക്യാംപസ് പ്രോജക്റ്റുകളും നടപ്പിലാക്കണം.

5. യുവജനങ്ങളുടെ ജോലിസാദ്ധ്യതകൾ സംബന്ധിച്ചും വിവിധ രീതികളിൽ ക്ലേശമനുഭവിക്കുന്നവർക്കുള്ള സർക്കാർ പദ്ധതികൾ, സബ്സിഡികൾ, സഹായങ്ങൾ മുതലായവയെക്കുറിച്ചും അറിവ് നല്കുന്നതിനായി ഹെൽപ്ഡെസ്ക്, രൂപത/ഫൊറോന തലങ്ങളിൽ ഏർപ്പെടുത്തണം.

6. പാർശ്വവത്കരിക്കപ്പെട്ടവർ ഇന്ത്യയിൽ ക്രൂരമായ പീഡനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്നത് തികച്ചും അപലപനീയമാണ്. ദളിതരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും മതന്യൂനപക്ഷങ്ങളുടെയും വിമോചനത്തിനും ശാക്തീകരണത്തിനും വേണ്ടി നാം മുന്നിട്ടിറങ്ങണം. പാർശ്വവത്കരിക്കപ്പെട്ടവർക്കുള്ള അവകാശങ്ങൾ സർക്കാരിൽനിന്ന് നേടിയെടു ക്കുവാൻ ഫലപ്രദമായ മാർഗങ്ങൾ തേടേണ്ടതാണ്.

7. മിഷണറിമാരെ, അവരുടെ മിഷൻ അനുഭവങ്ങൾ പങ്കുവയ്ക്കാനും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കാനുമായി ഇടവകകളിലേക്കും രൂപതകളിലേക്കും ക്ഷണിക്കണം.

8. തിരുനാളുകൾ ഇടവകയുടെ പൊതുവായ ആഘോഷമാക്കുവാൻ ശ്രദ്ധിക്കുകയും ഒരു വ്യക്തിയെയോ, കുടുംബത്തെയോ മാത്രമായി പ്രസുദേന്തി ആക്കുന്നത് നിരുത്സാഹപ്പെടുത്തുകയും വേണം.

9. വൈവാഹിക കുടുംബബന്ധങ്ങളിലുള്ള തകർച്ചമൂലം ദുരിതമനുഭവിക്കുന്ന വിശ്വാസികളെ സഹായിക്കുവാനും സന്തോഷപ്രദമായ കുടുംബ

ജീവിതം പുനരാരംഭിക്കുവാൻ അവരെ പ്രാപ്തരാക്കാനുംവേണ്ടി എല്ലാ വൈദികരും സന്ന്യസ്തരും പരിശ്രമിക്കണം. യോഗ്യരായ ദമ്പതികളെ ഇത്തരം അജപാലന ശുശ്രൂഷകൾക്കായി പരിശീലനം നല്കി നിയോഗിക്കാവുന്നതാണ്.

10. പ്രവാസി പ്രദേശങ്ങളിൽ പ്രോവിൻസുകളും ഭവനങ്ങളും തുടങ്ങുവാൻ സീറോ മലബാർ സഭയിൽപ്പെട്ട സമർപ്പിതസമൂഹങ്ങൾ തയ്യാറാകണം.

2018 സെപ്റ്റംബർ 1 മുതൽ പ്രളയത്തോടനുബന്ധിച്ച് സീറോ മലബാർ സഭയുടെ ആസ്ഥാനകാര്യലയത്തിലെ ചാപ്പലിൽ നിത്യാരാധന നടത്തുന്നതിൽ സിനഡ് സംതൃപ്തി രേഖപ്പെടുത്തി. നിത്യാരാധനയുടെ ഓരോ ദിവസവും സഭയുടെ വിവിധങ്ങളായ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. സിനഡുദിവസങ്ങളിൽ അഭിവന്ദ്യപിതാക്കൻമാരെ അഭിസംബോധന ചെയ്യാനും വ്യക്തിപരമായി കണ്ടു സംസാരിക്കാനും പേപ്പൽ നുൺഷ്യോ ആർച്ച് ബിഷപ്പ് ജാൻബത്തിസ്ത്ത ദിക്വാത്രോ സന്നിഹിതനായിരുന്നു എന്നത് ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. അതുപോലെ ദീർഘനാൾ സഭാകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്ത ശേഷം വിരമിക്കുന്ന കൂരിയ ചാൻസലർ ബഹു. ആന്റണി കൊള്ളന്നൂരച്ചനും ഫിനാൻസ് ഓഫീസർ ബഹു. മാത്യു പുളിമൂട്ടിലച്ചനും ഈ സാഹചര്യത്തിൽ കൃതജ്ഞത അർപ്പിക്കുന്നു.

വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കുംശേഷം 18–ാം തീയതി സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നൻമയ്ക്കും ഉപകരിക്കുന്നതിന് നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**+കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

# രൂപതാകച്ചേരി വാർത്തകൾ

## Appointments

Rev. Fr.Varghese Panachikal, mcbs : Asst. Parish Priest St. Thomas Church, Gorigandi & St. George Church, Balehonnur(Mob: 9048647145)

## നന്ദി, സ്വാഗതം

കഴിഞ്ഞ ഒരു വർഷം രൂപതയിലെ ഗോരിഗണ്ടി, ബാളെഹൊന്നൂർ ഇടവകകളിലെ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറിയിരിക്കുന്ന അമൽ വലിയപറമ്പിലച്ചച്ചന് നന്ദിയും, പുതിയ പ്രേഷിതമേലയിൽ എല്ലാവിജയങ്ങളും നേരുന്നു.

പുതുതായി രൂപതയിലേക്ക് സേവനത്തിനായി കടന്നുവന്നിരിക്കുന്ന വർഗീസ് പനച്ചിക്കലച്ചനെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## വി. യൗസേപ്പിതാവിന്റെ തിരുനാൾ

തിരുക്കുടുംബത്തിന്റെ സംരക്ഷകനും തിരുസഭയുടെ കാവൽക്കാരനും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥനുമായ വി. യൗസേപ്പിതാവിന്റെ തിരുനാൾദിനമായ മാർച്ച് 19–ന് നമ്മുടെ രൂപതയേയും ദൈവജനം മുഴുവനേയും യൗസേപ്പിതാവിനു സമർപ്പിക്കാം. അഭിവന്ദ്യ പിതാവിനെ പ്രത്യേകമായി യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥത്തിനു ഏൽപ്പിക്കാം. അന്നേദിവസം അഭിവന്ദ്യപിതാവിനായി പ്രത്യേകം പ്രാർത്ഥിക്കാം.

രൂപത മുഴുവന്റേയും നാമത്തിൽ പിതാവിനു സ്നേഹനിർഭരമായ തിരുനാൾ മംഗളങ്ങൾ നേരുന്നു. യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാ വൈദികർക്കും, സമർപ്പിതർക്കും, അൽമായസഹോദരർക്കും തിരുനാൾ ആശംസകൾ!

## വൈദികസമ്മേളനം, സൈത്ത് വെഞ്ചിരിപ്പ്

രൂപതാ വൈദികസമ്മേളനം 2019 ഏപ്രിൽ 19 ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് ബോധന പാസ്റ്ററൽ സെന്ററിൽ ആരംഭിക്കും. തുടർന്ന് ഉച്ചകഴിഞ്ഞ് 02.30–ന് സൈത്ത് വെഞ്ചിരിപ്പ് നടത്തപ്പെടും.

## വാർഷിക പൊതുയോഗം

